ബാലുശ്ശേരി ട്രഷറിയിൽ അനുവദിക്കപ്പെട്ട തസ്തികകൾ

22 [1739] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സബ്ട്രഷറിയിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ; തസ്തികകളുടെ പട്ടിക ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ട്രഷറിയിൽ 2004-05 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ എത്ര രൂപയുടെ ഇടപാടുകൾ നടന്നിട്ടുണ്ട് ;

(സി) പ്രസ്തുത സബ്ട്രഷറിയിൽ എത്രപേർക്ക് അക്കൗണ്ട് ഉണ്ട് ;

(ഡി) ജോലിഭാരം അധികമുള്ള ഒരു സബ് ട്രഷറി എന്ന നിലയിൽ കൂടുതൽ തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം ഡിപ്പാർട്ടുമെന്റ് ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ)

ആകെ തസ്തികകൾ	—	11
സബ്ട്രഷറി ഓഫീസർ	—	1
ജൂനിയർ സൂപ്രണ്ട്	—	1
സീനിയർ അക്കൗണ്ടന്റ്	—	1
ജൂനിയർ അക്കൗണ്ടന്റ്	—	3
ട്രഷറർ	—	2
ക്ലാസ് ഫോർ ഓഫീസർ	—	2
പാർട്ട് ടൈം സ്വീപ്പർ	—	1

(ബി) 1-4-2004 മുതൽ 31-1-2005 വരെ വരവ് 53,16,79,633 രൂപ. ചെലവ് 53,21,10,653 രൂപ. ആകെ 106,37,90,286 രൂപയുടെ ഇടപാടുകൾ നടന്നിട്ടുണ്ട്.

(സി) പ്രസ്തുത സബ്ട്രഷറിയിൽ 3199 അക്കൗണ്ടുകൾ ഉണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly